**13** മൽപ്രാണനായകനേ-മാ കൃപാ സിന്ധോ - മൽ

സൽപ്രകാശമേ ദിവ്യ - സുസ്നേഹമയാ വന്ദേ !

1 തങ്കമേനിയിലെന്റെ ലംഘനങ്ങളെയെല്ലാം
ശങ്കയെന്യേ വഹിച്ചെൻ സങ്കടമകറ്റിയ -

2 രാവും പകലുമെന്നെ മാർവ്വിൽ വഹിച്ചു തൻ പി-
താവിൻ മുമ്പിലെനിക്കായ് മേവുന്നാചാര്യനാകും -

3 പത്ഥ്യവചനം മൂലം മിത്ഥ്യബോധമകറ്റി
സത്യമാർഗ്ഗത്തിലൂടെ നിത്യം നടത്തിടുന്ന -

4 വിണ്ണിൽ ചേർത്തിടുവോളം മന്നിലെന്നെ നിൻ സ്വന്ത
കണ്ണിൻ കൃഷ്ണമണിയെ-ന്നെണ്ണി സൂക്ഷിച്ചിടുന്ന -

5 വേഗമെന്നെയീ നാശ-ലോകേ നിന്നുദ്ധരിപ്പാൻ
മേഘവാഹനമേറി നാകെ നിന്നിറങ്ങിടും -

6 സങ്കടങ്ങളിലെല്ലാം പൊൻകരങ്ങളാൽ താങ്ങി
സങ്കേതം നെഞ്ചിലേകി കൺകൾ തുടച്ചിടുന്ന -

7 പാടും നിൻ കൃപയെക്കൊ-ാടുമായുരന്തം ഞാൻ
പാടും വീണയിൽ പ്രാണനാഥനുത്തമ ഗീതം - **E.I.J**